നടപടിക്രമങ്ങളിൽ പൊതുമരാമത്ത് വകുപ്പ് ഉണ്ടാക്കിയിട്ടില്ല. രണ്ട് ദിവസത്തിനുള്ളിൽത്തന്നെ ടെണ്ടർ നടപടികൾ ആരംഭിച്ചു. ആഗസ്റ്റ് മാസം 5-ാം തിയതി ടെണ്ടർ ഓപ്പൺ ചെയ്തു. എന്നാൽ ആരും ടെണ്ടറിൽ പങ്കെടുത്തിരുന്നില്ല. അതിനാൽ നിയമപരമായി റീ-ടെണ്ടർ ചെയ്യണം. അന്നുതന്നെ റീ-ടെണ്ടർ ചെയ്തു. ആഗസ്റ്റ് മാസം 13-നാണ് റീ-ടെണ്ടർ തുറന്നത്. പ്രവർത്തനങ്ങൾ വേഗതയിൽ നടത്താൻ പൊതുമരാമത്ത് വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത് ഇവിടെ മാത്രമുള്ള വിഷയമല്ല. സംസ്ഥാനത്തിന്റെ പല മേഖലകളിലും ദേശീയ പാതകളിലെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടക്കാത്ത വിഷയമുണ്ട്. ഇക്കാര്യത്തിൽ ശാശ്വതമായ പരിഹാരം കാണുന്നതിനാണ് ലക്ഷ്യമിടുന്നത്. ദേശീയപാതാ അതോറിറ്റിയുമായി ഇനിയും സംസാരിക്കും. കേരളത്തിന്റെ കാലാവസ്ഥ കൂടി കണക്കിലെടുത്ത് അതിന് അനുയോജ്യമായ തരത്തിൽ മൺസൂണിന് മുമ്പുതന്നെ അറ്റകുറ്റപ്പണികൾ നടത്തണമെന്നാണ് സംസ്ഥാന സർക്കാർ നിലപാട്. എസ്റ്റിമേറ്റ് തയ്യാറാക്കാൻ അനുമതി നൽകുന്നതിലും എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിലും എൻ.എച്ച്.എ.ഐ.-യിൽ നിന്നുള്ള കാലതാമസം ഒഴിവാക്കുകയാണ് പ്രധാനം. ഇതിനായി ദേശീയപാതകളിൽ കിലോമീറ്ററിന് നിശ്ചിത നിരക്ക് നിശ്ചയിച്ച് പൊതുമരാമത്ത് വകുപ്പിന് തുക ഡിപ്പോസിറ്റ് ചെയ്യുവാനുള്ള സംവിധാനമുണ്ടായാൽ സംസ്ഥാനത്തിനുതന്നെ അറ്റകുറ്റപ്പണികൾ നടത്താൻ കഴിയുമെന്ന കാര്യം കേന്ദ്ര സർക്കാരിനെ മുമ്പുതന്നെ അറിയിച്ചിട്ടുണ്ട്. ഇത് നടപ്പിലാക്കുന്നതിനുള്ള ശക്തമായ സമ്മർദ്ദം സംസ്ഥാനം നടത്തും. കേന്ദ്രമന്ത്രിയുടെ ശ്രദ്ധയിൽ ഒരിക്കൽക്കൂടി ഈ വിഷയം കൊണ്ടുവന്ന് ശാശ്വത പരിഹാരത്തിനുള്ള ശ്രമം തുടരും.

### (5) <u>പേരാമ്പ്ര താലൂക്ക് ആശുപത്രിയുടെ പ്രവർത്തനം</u>

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, പേരാമ്പ്ര താലൂക്ക് ആശുപത്രിയുടെ ഗ്രേഡ് പ്രഖ്യാപിച്ചിട്ടുള്ളതാണ്. 2008-ലാണ് താലൂക്ക് ആശുപത്രിയായി പ്രഖ്യാപിച്ചിട്ടുള്ളത്. 24 മണിക്കൂറും പ്രവർത്തിക്കുന്ന കാഷ്വാലിറ്റിയും കാരുണ്യ മെഡിക്കൽ ഷോപ്പും വിവിധ പരിശോധന ലബോറട്ടറികളുമെല്ലാം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അവിടെ പ്രാവർത്തികമാക്കിയിട്ടുള്ളതാണ്. ഡയാലിസിസ് യൂണിറ്റും അവിടെ പ്രവർത്തിച്ചുവരികയാണ്. 1200 രോഗികൾ ഒ.പി. വിഭാഗത്തിൽ ചികിത്സയ്ക്ക് വിധേയമാകുന്നുണ്ട്. ഇപ്പോൾ 38 കിടക്കകൾക്കനുസൃതമായ ഡോക്ടർമാരും ജീവനക്കാരുമാണുള്ളതെങ്കിലും 50 കിടക്കകൾ രോഗികൾക്കുവേണ്ടി ഉപയോഗിക്കുന്നുണ്ട്. ഇത്തരമൊരു

LIBRARY ARCHIVES Kerala Legislative Assembly

ആശുപത്രി വികസനം സാധ്യമാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ തത്വത്തിൽ കഴിഞ്ഞ ഗവൺമെന്റുതന്നെ അംഗീകരിച്ചിട്ടുള്ളതാണ്. നിപ വൈറസിനെ പ്രതിരോധിക്കുന്നതിൽ മാതൃകാപരമായ പ്രവർത്തനമാണ് ഈ ആശുപത്രി നടത്തിയത്. ഈ പ്രതിരോധ പ്രവർത്തനത്തിൽ ഏർപ്പെട്ടുവരുമ്പോഴാണ് സിസ്റ്റർ ലിനി മരിക്കാനിടയായത്. കോവിഡ് പ്രതിരോധത്തിലും ഈ ആശുപത്രിയിൽ ഇപ്പോൾ ഫലപ്രദമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ആശുപത്രി വികസനത്തെ ലക്ഷ്യംവച്ച് കിഫ്ബി വഴി 77.43 കോടി രൂപ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുതന്നെ അനുവദിച്ചിട്ടുള്ളതാണ്. ഇതിന്റെ എസ്.പി.വി.-യായി ചുമതലപ്പെടുത്തിയിരിക്കുന്നത് INKEL-നെയാണ്. ഫലപ്രദമായി നടപടികൾ സ്വീകരിക്കുന്ന കാര്യത്തിൽ INKEL വീഴ്ച വരുത്തിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പേരാമ്പ്ര കോളേജിന്റെ ഭാഗമായിട്ടുള്ള സ്ഥലത്തുനിന്ന് രണ്ടേക്കർ സ്ഥലം ഈ ആശുപത്രിക്കായി അനുവദിക്കുന്നതിന് അന്നത്തെ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയും തൊഴിൽ വകുപ്പുമന്ത്രിയെന്ന നിലയിൽ ഞാനും ഇടപെട്ട് മീറ്റിംഗ് നടത്തി തീരുമാനമെടുത്തിട്ടുള്ളതാണ്. ഈ സ്ഥലം ഏറ്റെടുക്കുന്നതിനു വേണ്ടിയുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടില്ല. ആശുപത്രിയുടെ വികസനം സാധ്യമാകണമെന്നുണ്ടെങ്കിൽ ഈ സ്ഥലം ഏറ്റെടുക്കണം. നേരത്തെയുള്ള മാനദണ്ഡമനുസരിച്ചുള്ള നിയമനങ്ങൾ നടക്കണം. രോഗികൾക്ക് സംരക്ഷണം കൊടുക്കാനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കണം. ആശുപത്രിയുടെ വികസനം സാധ്യമാക്കുന്നതിനുവേണ്ടി സ്ഥലം എത്രയും വേഗത്തിൽ ഏറ്റെടുത്ത് ഇതിന്റെ തുടർ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, കോഴിക്കോട് ജില്ലയിൽ കുറ്റ്യാടി സംസ്ഥാന പാതയ്ക്ക് സമീപത്തായി കൊയിലാണ്ടി താലൂക്കിൽ പേരാമ്പ്ര ഗ്രാമപഞ്ചായത്തിലാണ് പേരാമ്പ്ര താലൂക്ക് ആശുപത്രി സ്ഥിതി ചെയ്യുന്നത്. ബഹുമാന്യനായ അംഗം പറഞ്ഞതുപോലെ 2008-ലാണ് താലൂക്ക് ആശുപത്രിയായി സ്ഥാപനത്തെ ഉയർത്തിയത്. അനുവദിക്കപ്പെട്ട കിടക്കകളുടെ എണ്ണം 38 ആണ്. ആറ് കെട്ടിടങ്ങളിലായാണ് ആശുപത്രി പ്രവർത്തിച്ചുവരുന്നത്. കോവിഡിനുമുമ്പ് ശരാശരി പ്രതിദിന ഒ.പി. 1200 ആയിരുന്നു. ഇരുപത്തഞ്ചോളം പേർ ഐ.പി. വിഭാഗത്തിലും ചികിത്സ

LIBRARY ARCHIVES Kerala Legislative Assembly